INDIAN JOURNAL OF
MULTILINGUAL RESEARCH AND DEVELOPMENT

Asian Research Association

DOI: 10.34256/ijmrd2112

# Inner Spirit of Sree Narayana Guru's Poetry

## ശ്രീനാരായണഗുരുവിന്റെ കവിതയിലെ ആന്തരചൈതന്യം

**R. Chandrabose** [a,*]

[a] Department of Malayalam, School of Languages and Comparative Literature Central, University of Kerala, Kerala-671320, India.
*Corresponding author Email: bosebosechandra@gmail.com

DOI: https://doi.org/10.34256/ijmrd2112
Received: 22-03-2021; Accepted: 29-03-2021 Published: 30-03-2021

**Abstract:** Sree Narayana Guru's (1855-1928) position among the renaissance leaders of Modern Kerala is well established. The visions of the Guru, who guided the people trapped in slavery and ignorance to compassion and liberation, were in a sense the corner stones of humanity. At the same time Sree Narayana Guru was a spiritual leader, social reformer, philosopher and poet. Guru's active work was form the revolution at Aruvippuram in 1888, which dedicated the temple to the untouchables. As a result of the spiritual and worldly activities of Guru, Kerala has become a model state in India. It is no exaggeration to say that Guru's action plan for transformation in the fields of customs, belief, thought, education, culture, employment and industry have made Kerala a modern society. Guru's influence on the renaissance of Malayalam Literature as well as on the Kerala renaissance is acknowledged. But the contributions of Guru, as a poet has not been adequately evaluated. here is an explanation of the magnetic force of Guru's poem, that unleashed the socio-political structure and world consciousness.

**Keywords:** Advaitha Philosophy, Bhakthi movement, Dravidian Aesthetics, Kerala renaissance, Kerala Modernity, Secular spirituality.

**Language:** **Malayalam**

## About the Author



Dr. R. Chandrabose, working as Assistant Profession, Department of Malayalam School of Languages and comparative literature Central University of Kerala, Kasaragod. He has published 28 Research papers and 4 books.

## ആമുഖം

ആധുനിക കേരളീയ സമൂഹത്തിന്റെ നവോത്ഥാന ആചാര്യൻ മാത്രമായിരുന്നില്ല ശ്രീനാരായണഗുരു. ആധുനികമലയാള കവിതയുടെ ഗുരുസ്ഥാനീയൻ കൂടിയായിരുന്നു. മുക്തകങ്ങൾ മുതൽ ശതകങ്ങൾ വരെ എഴുപതോളം കൃതികൾ രചിച്ചിട്ടുള്ള ഗുരു ആശയത്തിന്റെയും പ്രതിപാദനത്തിന്റെയും കാര്യത്തിൽ പില്ക്കാല മലയാളകവിതയ്ക്ക് ഉദാത്തമാതൃക സൃഷ്ടിക്കുകകൂടി ചെയ്തു. ഗഹനവും സങ്കീർണ്ണവുമായ ആശയങ്ങൾക്കും ദുർഗ്രഹഭാവങ്ങൾക്കും പ്രാമുഖ്യം നൽകുന്നവയാണ് ഗുരുവിന്റെ രചനകൾ. ശ്രീനാരായണഗുരുവിന്റെ ജീവചരിത്രകാരൻ കൂടിയായ കെ.ദാമോദരൻ ഗുരുവിന്റെ കാവ്യകലയെ വിലയിരുത്തിയിട്ടുള്ളത് ഇപ്രകാരമാണ്. 'അക്ലിഷ്ടമായ ഭാഷാപ്രയോഗങ്ങളും നിരർത്ഥകപദങ്ങളും ഒന്നും കൂടാതെ ശുദ്ധമണിപ്രവാളത്തിൽ നിസർഗ്ഗമനോഹരമായി അദ്ദേഹത്തിന്റെ സരസ്വതീനദി ഒഴുകിപ്പോവുകയാണ് ചെയ്യുന്നത്. തന്റെ പരിപക്വചിന്തകൾക്ക് ഒരു വാഹനമായി മാത്രമാണ് അദ്ദേഹം കവനകലയെ തെരഞ്ഞെടുത്തതെങ്കിലും പ്രാസാലങ്കാരങ്ങൾ അറിയാതെ തന്നെ ആ കവനങ്ങളിൽ കടന്നുകൂടി നമ്മെ വിസ്മയിപ്പിക്കുന്നു.

(കെ.ദാമോദരൻ പു.120) ആസ്വാദകനെ ആധ്യാത്മചിന്തയുടെ കൊടുമുടിയിലേക്കു നയിക്കുന്ന പ്രസന്നവും ഗംഭീരവുമായ കാവ്യശൈലി എഴുത്തച്ഛനും പൂന്താനത്തിനും ശേഷം മലയാളകവിത പരിചയപ്പെടുന്നത് ഗുരുവിന്റെ കവിതകളിലൂടെയാണ്. ഗുരുവിന്റെ കവിതകളുടെ വ്യതിരിക്തതകളെക്കുറിച്ചുള്ള അന്വേഷണമാണ് ഈ പ്രബന്ധം.

## കവിതയുടെ ഊർജ്ജനിലയം

കവിതയുടെ ഊർജ്ജഭവനം എന്നു തന്നെ വിശേഷിപ്പിക്കാം ഗുരുവിന്റെ രചനകളെ. അനുഭവതീക്ഷ്ണത അതിന്റെ ആത്മബലമാണ്. നേരിട്ട് കവിതയായി പറഞ്ഞത് ശിഷ്യർ പകർത്തിയെഴുതിയതാണ് അവയിൽ ഭൂരിഭാഗവും. അശാന്തമായ അലച്ചിലും ഏകാഗ്രമായ ധ്യാനവും അദ്വൈതതത്ത്വത്തെ ആരാഞ്ഞറിഞ്ഞ ദർശനഗരിമയും ആ കവിതകളുടെ അന്തർഭാവത്തിന് അസാധാരണമായ ഭാവശക്തി പകരുന്നുണ്ട്. ആത്മവിദ്യയെ സാമൂഹികപരിവർത്തനത്തിനുള്ള ആയുധമാക്കിയ അവധൂതന്റെ ജ്ഞാനശക്തി അവയിൽ മന്ദ്രമുഖരിതമാകുന്നു. തമിഴ്, മലയാളം, സംസ്കൃതം എന്നീ ഭാഷകളിൽ അനർഗ്ഗളമായി വാർന്നുവീണ ഗുരുകവിതകളിലെ പദകോശവും, പ്രതീകങ്ങളും രൂപകങ്ങളും പ്രാസതാളലയങ്ങളുമെല്ലാം സർഗ്ഗാത്മകതയുടെ അനിതരസാധാരണമായ ഊർജ്ജപ്രവാഹമായി അനുഭവപ്പെടാം. സോദ്ദേശ്യമായിരുന്നു ഗുരുവിന്റെ ഓരോ രചനയും. ഗുരുശിഷ്യനും അന്തേവാസിയുമായിരുന്നു ശിരോമണി എം.കെ.ഗോവിന്ദൻ ഗുരുവിന്റെ കാവ്യരചനാരീതിയെക്കുറിച്ച് നേരനുഭവങ്ങളിൽ നിന്ന് രേഖപ്പെടുത്തിയിട്ടുള്ളത് നോക്കുക. 'സ്വാമികൾ വെറു കവിതയ്ക്കുവേണ്ടി ഒരു വരിപോലും രചിച്ചിട്ടില്ല. ഏതെങ്കിലുമൊരു തത്ത്വം ജിജ്ഞാസുവിന് വിതറിക്കൊടുക്കുവാനല്ലാതെ ഒരു വരിപോലും എഴുതിയിട്ടില്ല'. (പി.കെ.ബാലകൃഷ്ണൻ, നാരായണഗുരു പു.103). സ്തോത്രങ്ങൾ, ദാർശനികരചനകൾ, പ്രാർത്ഥനകൾ, പ്രബോധനാത്മകകവിതകൾ, സന്ദേശങ്ങൾ ഒക്കെ അടങ്ങുന്നതാണ് ഗുരുവിന്റെ രചനകൾ. അവധൂതരുടെ സാഹിത്യത്തെ സത്യാന്വേഷണത്തിന്റെ ജ്ഞാനരൂപങ്ങളെന്നു വിശേഷിപ്പിക്കാറുണ്ട്. ജ്ഞാനം ഭക്തിയും ആനന്ദവുമായി മാറുന്ന സവിശേഷത ആ രചനകൾക്കുണ്ട്. സമൂഹത്തിന്റെ കീഴ്ത്തട്ടു മുതൽ മേൽത്തട്ടുവരെ ഇളക്കിമറിച്ച ഇന്ത്യാചരിത്രത്തിലെ ആദ്യത്തെ ബഹുജനപ്രസ്ഥാനമായ ഭക്തിപ്രസ്ഥാനത്തിന്റെ ഉല്പന്നങ്ങളിലൊന്നായിരുന്നു കീർത്തനസാഹിത്യം. ഭക്തിയുടെ ജ്ഞാനവും ആനന്ദവും തത്ക്ഷണം വിനിമയം ചെയ്യുന്ന കീർത്തനങ്ങൾ ഭക്തിപ്രസ്ഥാനത്തെ ജനകീയമാക്കുന്നതിൽ നിർണ്ണായകപങ്കുവഹിച്ചു. എഴുത്തച്ഛന്റെ ഹരിനാമകീർത്തനവും പൂന്താനത്തിന്റെ ജ്ഞാനപ്പാനയും ഇത്തരം രചനകൾക്ക് മലയാളത്തിൽ നിന്നുള്ള ക്ലാസ്സിക് മാതൃകകളാണ്. 'ഭക്തിയെ ജ്ഞാനമായി പരിവർത്തിപ്പിക്കുന്ന ജ്ഞാനപ്പാന തന്നെയാണ് സ്തോത്രകവിതയുടെ ഉജ്ജ്വലമാതൃകയെന്ന് അയ്യപ്പപ്പണിക്കർ നിരീക്ഷിക്കുന്നു. (കവിദർശനം. പു.8). പൂന്താനത്തെപ്പോലെ, ആത്മവിദ്യയെ സാമൂഹികവിമർശനത്തിലേക്കു തിരിച്ചു വിടുകയായിരുന്നു ശ്രീനാരായണഗുരു. ഗുരുവിനെ സംബന്ധിച്ച് സ്തോത്രരചന ഒരു തരത്തിൽ രാഷ്ട്രീയപ്രവർത്തനമായിരുന്നു. അവർണർക്ക് ഈശ്വരനെ സ്തുതിക്കുവാനെന്നല്ല ക്ഷേത്രത്തിൽ പ്രവേശിപ്പിക്കുവാൻ പോലും അവകാശമില്ലാതിരുന്ന കാലത്ത് സവർണരുടെ ദൈവങ്ങളെപ്പറ്റി അവർണനായ ഗുരു സ്തോത്രങ്ങളെഴുതി എന്നതിനെ ഒരു രാഷ്ട്രീയ പ്രവർത്തനമായി കാണേണ്ടതുണ്ട്.

15 ശിവസ്തുതികളും 7 സുബ്രഹ്മണ്യസ്തുതികളും 4 ദേവീസ്തോത്രങ്ങളുമടങ്ങിയതാണ് ഗുരുവിന്റെ സ്തോത്രകൃതികൾ. സംസ്കൃതകാവ്യപാരമ്പര്യത്തെ ഇവയിലെല്ലാം ഗുരു അനുവർത്തിക്കുന്നുണ്ട്. എന്തുകൊണ്ട് ഗുരു ആര്യഭാഷയുടെ പാരമ്പര്യം പിന്തുടർന്നു എന്ന് നടരാജഗുരു അന്വേഷിക്കുന്നുണ്ട്. 'പ്രാചീന ഭാരതീയ ചിന്തയുടെ ഉറവിടം സംസ്കൃതഭാഷയായിരുന്നു. ഈ ഭാഷയിൽക്കൂടിയാണ് വർത്തമാനകാലത്തിന്റെ ജനതയ്ക്ക് അവരുടെ പൗരാണിക സംസ്കാരത്തിന്റെ മൂല്യശകലങ്ങൾ നിരന്തം ലഭിച്ചുകൊണ്ടിരുന്നത്. സാംസ്കാരിക പുരോഗമനം മന്ദീഭവിച്ച് ഉദാസീനരായിത്തീർന്ന ജനങ്ങളെ വീണ്ടുമുണർത്തി അവർക്ക് നിത്യജീവിതത്തിന്റെ അമൃതസുധ പകർന്നുകൊടുക്കാൻ ഗുരു, സംസ്കൃതത്തിന്റെ നീരുറവകളിലേക്കാണ് തിരിഞ്ഞത് (ചമമ്യേമഷമ ഏൗൃൗ, ഠവല ണ്വൃേ ീള ഏൗൃൗ. ു.11). സംസ്കൃതകാവ്യപാരമ്പര്യത്തിൽ നിന്ന് വൃത്തം, അലങ്കാരം, ഗുണം എന്നീ രചനാപദ്ധതികൾ പിന്തുടരുമ്പോഴും ദ്രാവിഡതാളങ്ങളും നാടോടിരചനാശൈലിയും ഗുരുവിന്

അന്യമായിരുന്നില്ല. 'കുണ്ഡലിനിപ്പാട്ട്'പോലുള്ള രചനകൾ ഇതിനു തെളിവാണ്. പില്ക്കാല മലയാള കവിതയിൽ വികാസം പ്രാപിച്ച ദ്രാവിഡസൗന്ദര്യശാസ്ത്രത്തിന് ഊർജ്ജ കേന്ദ്രമായിത്തീരാൻ ഗുരുവിന്റെ രചനകൾക്കായിട്ടുണ്ട്. സ്തോത്രകൃതികൾ മുതൽ ദാർശനികരചനകൾ വരെ ഏതും ഭാഷയുടെയും ആവിഷ്ക്കാരത്തിന്റെയും അനന്തസാധ്യതകളാണ് തുറന്നിടുന്നത്. ലാളിത്യം, പ്രൗഢി, ഒഴുക്ക്, സംഗീതാത്മക എന്നിവ കവിതയുടെ രൂപഭാവങ്ങളെ ഉദാത്തതയിലേക്കു നയിക്കുന്നു. ജനനീനവരത്നമഞ്ജരി, ആത്മോപദേശശതകം, ശിവശതകം തുടങ്ങിയവയുടെ ശില്പത്തികവ് അനവാചകരെ അത്ഭുതപ്പെടുത്തുന്നവയാണ്. ഗണിതസമവാക്യങ്ങൾപോലെയാണ് ഗുരുകവിതയിൽ ഭാഷ. അദ്വയപരഭാവനയുടെ തുരീയാനുഭവങ്ങൾ ആവിഷ്ക്കാരം തേടുന്ന രചനകൾ മുതൽ സന്ദേശങ്ങൾ, ലഘുകവനങ്ങൾ, പ്രാർത്ഥനാഗീതങ്ങൾ, സ്തോത്രങ്ങൾ എന്നിങ്ങനെ ബഹുലവും വൈവിധ്യവുമാർന്ന ഗുരുവിന്റെ വാങ്മയങ്ങളിലെ ഭാഷയുടെ ഊർജ്ജപ്രസരം സവിശേഷം പഠിക്കേണ്ടതാണ്. ആ കാവ്യങ്ങളുടെ പൊതുസവിശേഷതകളെക്കുറിച്ചുള്ള ഒരന്വേഷണമാണ് ഈ പ്രബന്ധം.

1909 ൽ ഗുരുവിന്റെ ആത്മോപദേശശതകത്തിന് വ്യാഖ്യാമെഴുതുമ്പോൾ അതിന് മുഖവുരയായി കുമാരനാശാൻ ഇപ്രകാരം രേഖപ്പെടുത്തുകയുണ്ടായി. "സ്വാമി അസാധാരണമായ പ്രതിഭാവിലാസം പോലെ തന്നെ അന്യാദൃശമായി സരസ്വതീവിലാസവും കൂടിയുള്ള അപൂർവ്വം ചില മഹാ ാരിൽ ഒരാളാണെന്നുള്ളത് നമ്മുടെ ഭാഗ്യവിശേഷമാണ്. അദ്ദേഹത്തിന്റെ കൃതികളുടെ അലൗകികമായ സാരസ്യത്തെ അനുഭവിച്ചറിഞ്ഞിട്ടുള്ള ആരും അതിനെ ഐകകണ്ഠ്യേന സമ്മതിക്കുന്നതാകുന്നു. ഏത് വിഷയവും അതിനെ പ്രതിപാദിക്കുന്ന ശബ്ദങ്ങളുടെ ഗുണദോഷങ്ങളെ അനുസരിച്ച് ചിലപ്പോൾ ഗ്രാഹ്യമായും ത്യാജ്യമായും തീരാറുണ്ട്. സർവോത്തമമായ സ്വാമിയുടെ തത്വോപദേശം സ്വഭാവമധുരമായ അദ്ദേഹത്തിന്റെ കവിതാമാധുര്യത്തോടുകൂടി കലർന്നാൽ പിന്നെ ഉണ്ടാകാവുന്ന ആമോദഭൂമോദയത്തെക്കുറിച്ച് പറയേണ്ടതില്ലല്ലോ' (പി.കെ.ബാലകൃഷ്ണൻ, ശ്രീനാരായണഗുരു. പു.131). ഗുരുവിന്റെ മഹത്ത്വം ആദ്യം തിരിച്ചറിയുകയും അത് ലോകത്തോട് വിളിച്ചുപറയാൻ ഉത്സാഹിക്കുകയും ചെയ്ത കുമാരനാശാന്റെ വാക്കുകൾ ഗുരുകവിതയുടെ ശില്പത്തെയും അന്തർഭാവത്തെയും സ്പർശിക്കുന്നുണ്ട്. ഗുരുവിന്റെ കൃതികൾക്ക് ദാർശനികവ്യാഖ്യാനങ്ങളും പഠനങ്ങളും ധാരാളമായി ഉണ്ടായിട്ടുണ്ടെങ്കിലും, കവിയെന്ന നിലയിൽ ഗുരുവിനെ, കവിതാചരിത്ര പശ്ചാത്തലത്തിൽ ഗൗരവമായി വിലയിരുത്തിയിട്ടില്ല. ഗുരു കവിതയുടെ പ്രാധാന്യം ഇന്ന് അക്കാദമിക് ലോകം തിരിച്ചറിഞ്ഞു തുടങ്ങിയിട്ടുണ്ട്. അദ്ദേഹത്തിന്റെ കവിതയിലേക്കുള്ള ഒരു പ്രവേശകം എന്ന നിലയിൽ സാമാന്യവും വിശേഷവുമായ ചില പ്രത്യേകതകൾ ഇവിടെ വിവരിക്കുന്നു.

## ഗുരുകവിതയുടെ ആന്തരലോകം

ഭാഷാപരം, വിഷയപരം എന്നൊരു വിഭജനക്രമം ഗുരുവിന്റെ കവിതകളുടെ പഠനത്തിന് പ്രത്യക്ഷത്തിൽ സ്വീകരിക്കാവുന്നതാണ്. സംസ്കൃതം, മലയാളം, തമിഴ് ഭാഷകളിലായി വ്യാപിച്ചുകിടക്കുന്ന ഗുരുകൃതികളിൽ സ്തോത്രരൂപത്തിലുള്ള സംസ്കൃതരചനകൾ ആദ്യകാലത്തിലെഴുതിയവയാണ്.

വരേണ്യസാഹിത്യാഭിരുചികൾക്ക് പ്രാബല്യമുണ്ടായിരുന്ന അന്നത്തെ സാഹിത്യാന്തരീക്ഷത്തിൽ, ഭക്തിരസപ്രധാനമായ സംസ്കൃതശ്ലോകങ്ങളിലൂടെ ഗുരുവിന് പണ്ഡിതശ്രദ്ധനേടുവാൻ കഴിഞ്ഞു. ഒരു പക്ഷേ ഇതൊരു ബോധപൂർവ്വമായ ശ്രമം ആയിരുന്നിരിക്കണം. അവർണൻ ഒട്ടും താഴ്ന്നവനല്ല എന്നു ബോധ്യപ്പെടുത്താനും ഭാഷയെക്കുറിച്ചുള്ള വരേണ്യസങ്കല്പത്തെ തകർക്കാനും സംസ്കൃതരചനകളിലൂടെ ഗുരുവിനു അനായാസം കഴിഞ്ഞു. വ്യവസ്ഥിതിയെ ഉലയ്ക്കുന്ന സൂക്ഷ്മപ്രവൃത്തികൾ ഗുരുവിനുണ്ടായിരുന്നു. ഗുരുവിന്റെ വിപ്ലവം ആദ്യം ഭാഷയിലൂടെയായിരുന്നു. അവർണനെഴുതിയ സംസ്കൃതസ്തോത്രങ്ങളിൽ ഗുരുവിന്റെ പരിവർത്തനബോധം ഒളിഞ്ഞുകിടപ്പുണ്ട്. ഏതായാലും സംസ്കൃതസ്തോത്രരചനകൾക്ക് ശങ്കരാചാര്യരുടെ രചനകളായിരുന്നു മാതൃക.

ബ്രഹ്മമുരാരിസുരാർച്ചിതലിംഗം

നിർമലഭാസിതശോഭിതലിംഗം

ജന്മജദുഃഖവിനാശനലിംഗം

തത്പ്രണമാമിസദാശിവലിംഗം

(ശങ്കരാചാര്യർ - ലിംഗാഷ്ടകം)

ബ്രഹ്മമുഖാമരവന്ദിതലിംഗം

ജന്മജരാമരണാന്തകലിംഗം

കർമനിവാരണകൗശലലിംഗം

തൻമൃദുപാതുചിദംബരലിംഗം

(ചിദംബരാഷ്ടകം - ശ്രീനാരായണഗുരു)

ശങ്കരാചാര്യരുടെ സ്തോത്രങ്ങളുടെ പ്രത്യക്ഷസ്വാധീനതയും സദൃശസൃഷ്ടിയും ഗുരുവിന്റെ ആദ്യകാല സംസ്കൃതസ്തോത്രങ്ങളിൽ കണ്ടെത്താം. അതിനുള്ള ഒരുദാഹരണം മാത്രമാണ്, ലിംഗാഷ്ടകത്തിലെയും ചിദംബരാഷ്ടകത്തിലെയും ഈ ശ്ലോകങ്ങൾ. ആദ്യകാല സംസ്കൃതസ്തോത്രങ്ങളിൽ മിക്കതും ഗുരു, ശങ്കരനെ അനുകരിക്കുന്നുണ്ട്. എന്നാൽ സംസ്കൃതസ്തോത്രരചനാകൗതുകം ഗുരു പിന്നീട് പരിമിതപ്പെടുത്തുന്നുണ്ട്. തപോഭൂമിയിലെ ഏകാന്തവിജനതകളിൽ നിന്ന്, അവശരും മർദ്ദിതരുമായ ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിവരുന്നതോടെ ഗുരു തന്റെ രചനാമാധ്യമം തമിഴും മലയാളവുമാക്കുന്നുണ്ട്. ദ്രാവിഡസംസ്കാരത്തോടും അതിന്റെ ആത്മീയ പാരമ്പര്യത്തോടും ഗുരുവിനുള്ള സവിശേഷ ആഭിമുഖ്യത്തിന്റെ തെളിവുകളാണ് തമിഴിൽ എഴുതിയ ആത്മീയരചനകൾ. തമിഴ് ശൈവപാരമ്പര്യം ദാർശനികമായി സ്വാംശീകരിച്ചതിന്റെ തെളിവുകളാണ് തമിഴ് രചനകളിൽ ഒരു വിഭാഗം. 'ഗുരുവിന്റെ അജ്ഞാതമായ അവധൂതകാലം തമിഴ് ദേശങ്ങളിലൂടെയും ദ്രാവിഡസ്വത്വാന്വേഷണ ത്തിലൂടെയുമുള്ള സഞ്ചാരമായിരുന്നുവെന്ന് കെ.പി.അപ്പൻ നിരീക്ഷിക്കുന്നുണ്ട്'. (ചരിത്രത്തെ അഗാധമാക്കിയ ഗുരു. പു.41) ഗുരു തമിഴിൽ എഴുതിയതായി കരുതുന്ന പല രചനകളും കണ്ടുകിട്ടിയിട്ടില്ല. തേവാരപ്പതികങ്ങൾ ആണ് കണ്ടുകിട്ടിയിട്ടുള്ള ഒരു കൃതി. രചനാരീതിയുടെ ഒഴുക്കും അനായാസതയും വച്ചു നോക്കുമ്പോൾ ഏറെ തമിഴ് കൃതികൾ രചിച്ചിരിക്കാൻ സാധ്യതയുണ്ട്. 1914 ൽ എഴുതിയ കൃതിയാണ് തേവാരപ്പതികങ്ങൾ. തമിഴ് ഭക്തകവികളായ അപ്പർ, സംബന്ധർ ഇവരുടെ സ്തോത്രങ്ങൾക്ക് തേവാരം എന്നാണ് പറഞ്ഞു വന്നിരുന്നത്. 'തേവാരം' എന്ന വാക്കിന് പ്രത്യേകമായ ആരാധന എന്നും അർത്ഥമുണ്ട്. ഇതിൽ അൻപത് പാട്ടുകൾ അടങ്ങിയിരിക്കുന്നു. 'യാനോ നീയോ യാതിപരം' എന്ന ചോദ്യമാണ് ആദ്യത്തെ 'പതിക'ത്തിൽ ഭക്തൻ ചോദിക്കുന്നത്. എങ്ങും നിറഞ്ഞു നിൽക്കുന്ന ചിത്പ്രകാശത്തോടുള്ള പ്രാർത്ഥനയാണ് രണ്ടാംപതികം. മൂന്നാംപതികം ഓംകാരസ്തുതിയാണ്. ദർശനത്തിന്റെ അതിസൂക്ഷ്മതലങ്ങൾ പരാമർശിക്കപ്പെടുന്നു. ശിവതത്ത്വം സൂര്യതുല്യമാണെന്നും ശിവപദത്തിൽ ചേരാൻ കഴിയുന്നതെങ്ങനെയെന്നും വിവരിച്ചുകൊണ്ടാണ് തേവാരപ്പതികങ്ങൾ അവസാനിക്കുന്നത്.

'ഞാനായതമേ ഞാതുരുവേ

നാമാതിയിലാ നർക്കതിയേ

യാനോ നീയോ ആതിപരം

യാതായ് വിടുമോ പേചായേ

തേനാർ ത്തില്ലൈ ച്ചീരടിയാർ

തേടും നാടാമരുമാനൂർ

കോനേ മാൻനേർ വിഴി പാകം

കൊണ്ടായ് നയിനാർ നായകമേ'

എന്നിങ്ങനെയുള്ള വരികൾ വായിക്കുമ്പോൾ തമിഴ് സാഹിത്യത്തിലെ ജനകീയപാരമ്പര്യം പിന്തുടരുന്നു തേവാരപ്പതികങ്ങൾ എന്നു കാണാം. തിരുക്കുറളിന്റെ കുറച്ചുഭാഗവും 'ഒടുവിലൊടുക്കവും' ഗുരു മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. ഒഴിവിലൊടുക്കത്തെ ചട്ടമ്പിസ്വാമികളും ഗുരുവും ഒരു പ്രാമാണിക ഗ്രന്ഥമായി

പരിഗണിച്ചിരുന്നുവത്രേ. ആത്മോപദേശ ശതകത്തിന്റെ രചനയിൽ ഒഴിവിലൊടുക്കം വളരെയധികം സ്വാധീനം ചെലുത്തിയിട്ടുള്ളതായി ഡോ.ടി.ഭാസ്കരൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. (മഹർഷി ശ്രീ നാരായണഗുരു. പു.112).

## അചുംബിത കല്പനകൾ

ഗുരു, മലയാളത്തിലെഴുതിയ സ്തോത്രങ്ങളും ദാർശനികകൃതികളും പ്രാർത്ഥനകളും അചുംബിതഭാവനകളുടെയും മലയാളകവിതകൈവരിച്ച ആവിഷ്കാരസാധ്യതകളുടെ ആദ്യത്തെയും ഒരു പക്ഷേ അവസാനത്തേതുമായ ശ്രേഷ്ഠമാതൃകകളാണ്. സ്തോത്രം, ദാർശനികം, അനുശാസനം എന്നിങ്ങനെ രചനകളെ വേർതിരിക്കാം. ആദ്യകാല രചനകൾ സ്തോത്രകവിതയുടെ സ്വഭാവം പുലർത്തുന്നവയാണ്. അടുത്തഘട്ടത്തിൽ സ്തോത്രരചനകൾ ഉപേക്ഷിക്കുകയും ദാർശനികരചനകളിൽ മുഴുകുകയും ചെയ്യുന്നു. അദ്വൈതദീപിക, ആത്മോപദേശശതകം, അറിവ് തുടങ്ങിയ രചനകൾ ഇതിനുദാഹരണമാണ്. സാധാരണജനങ്ങളെ ഉദ്ദേശിച്ച് സാരോപദേശ പ്രധാനമായ കൃതികൾ രചിക്കുന്നതാണ് ഗുരുവിന്റെ കവിതാപ്രവർത്തനത്തിലെ അവസാനഘട്ടം. ഗുരുവിന്റെ കവിതകളെ മലയാളസാഹിത്യചരിത്രപശ്ചാത്തലത്തിൽക്കൂടി

വിലയിരുത്തേണ്ടതാണ്. വ്യത്യസ്ത കാവ്യാഭിരുചികൾ തമ്മിലുള്ള ഭാവുകത്വ സംഘർഷത്തിന്റെ കാലമായിരുന്നു 19-ാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിലെ മലയാള കവിതയുടേത്. കേരളവർമ്മവലിയകോയിത്തമ്പുരാന്റെ നേതൃത്വത്തിലുള്ള നിയോ-ക്ലാസ്സിക് അഭിരുചികളുടേതായ കാവ്യമാർഗ്ഗം, പ്രമേയത്തിന്റെയും ഭാഷയുടെയും വ്യവസ്ഥകളെ ലംഘിച്ചുകൊണ്ടുള്ള വെണ്മണിമാരുടെ കാവ്യരീതി, ഗതാനുഗതികത്വത്തിൽ നിന്ന് വിടുതൽ നേടാൻ ഇച്ഛിക്കുന്ന, പൂർവ്വകാല്പനിക പ്രവണതകൾ ദൃശ്യമാകുന്ന, എ.ആറും മറ്റും നേതൃത്വം നൽകിയ കാവ്യശൈലി. ഇത്തരം കാവ്യമാർഗ്ഗങ്ങൾ പരിണാമം കൊണ്ട് ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവർ സൃഷ്ടിച്ച കാവ്യഭാവുകത്വം മുഖ്യധാരയിലെത്തുവരെയുള്ള കാലം. ഗുരു, കവിത രചിക്കുന്ന വേളകളിലെ കവിതാചരിത്രം ഇങ്ങനെ പരിണമിക്കുന്നുണ്ട്. 1880 കൾ മുതൽ തന്നെ ഗുരുവിന്റെ സ്തോത്രങ്ങളും കീർത്തനങ്ങളും ആസ്വാദകർക്കിടയിൽ ശ്രദ്ധിക്കപ്പെട്ടു തുടങ്ങിയിരുന്നു എന്ന് സൂചനകളുണ്ട്. വരേണ്യകവികളുടെ അഭിരുചികളോടു കലഹിച്ച മൂലൂർ.എസ്, പത്മനാഭപ്പണിക്കർ, കവിരാമായണം (1894) എഴുതിയപ്പോൾ, അന്ന് നാണുയോഗിയായിരുന്ന ഗുരുവിന് 'വാല്മീകി' എന്ന പദവിയാണ് കല്പിച്ചിട്ടുള്ളത്. ഒരു വിഭാഗം ജനങ്ങൾക്കിടയിൽ ഗുരുവിന്റെ സ്തോത്രങ്ങൾക്ക് ലഭിച്ചിരുന്ന സ്വീകാര്യതയാണ് ഇത് സൂചിപ്പിക്കുന്നതെന്നു പറയാം. സുബ്രഹ്മണ്യനെയും ദേവിയേയും ശിവനെയും സ്തുതിക്കുന്നവയാണ് ഗുരുവിന്റെ മലയാളസ്തോത്രകാവ്യങ്ങളിലേറെയും. 'ദൈവദശക'മെന്ന സർവ്വമതപ്രാർത്ഥനയും മലയാള സ്തോത്രങ്ങളിൽ ഉൾപ്പെടുന്നു. ശൈവആഭിമുഖ്യം പുലർത്തുന്ന സ്തോത്രങ്ങളാണ് ശിവശതകം, സ്വാനുഭവഗീതി, ശിവപ്രസാദപഞ്ചകം, കോലതീരേശസ്തവം, പിണ്ഡനന്ദി, അർദ്ധനാരീശ്വരസ്തവം, ശിവസ്തവം, ചിജ്ജഡചിന്തനം, കുണ്ഡലിനിപ്പാട്ട് എന്നിവ. മനുഷ്യനും പ്രകൃതിയും രണ്ടല്ല എന്ന അദ്വൈതതത്ത്വം, ശൈവദർശനത്തിന്റെ ആഴങ്ങളെ അനുഭവിപ്പിക്കുന്ന ഈ ശിവസ്തുതികളിൽ അന്തർധാരയായിത്തീരുന്നുണ്ട്. ഗുരുവും ദാർശനികനും സമന്വയിക്കുന്നതും ഈ സ്തോത്രങ്ങളിൽ കാണാം. ഭാവനാസമ്പന്നതയും ഭാഷയുടെ ഒഴുക്കും അവയെ സവിശേഷാനുഭവമാക്കുന്നു. തപോധ്യാനങ്ങളിൽ മുഴുകി ശരീരത്തെയും മനസ്സിനെയും കടുത്തപരീക്ഷണങ്ങളിലൂടെ കടത്തിവിട്ട കാലത്തെ ഒരവധൂതന്റെ സംഘർഷങ്ങൾ ഒരുവേള ഈ ശിവസ്തുതികളിൽ പ്രകടമാകുന്നതും മനസ്സിലാക്കാൻ കഴിയും. ശിവശതകം ഇതിന് ഏറ്റവും മികച്ച ഉദാഹരണമാണ്. സംഘർഷം നിറഞ്ഞ ഒരു മനസ്സിന്റെ നിലവിളിയായും ഭൗതികാസക്തികളിൽ നിന്ന് മോചനം നേടി ആത്മീയതയുടെ അധിത്യകകളിലേക്ക് ചുവടുറപ്പിച്ച് കയറിയ യോഗിയുടെ ആത്മീയാനുഭൂതികളുടെ രേഖയായും ഇതിനെ വായിക്കാം.

മിഴിമുനകൊണ്ടുമയക്കി നാഭിയാകും

കുഴിയിലുരുട്ടി മറിപ്പതിന്നൊരുങ്ങി

കിഴിയുമെടുത്തു വരുന്ന മങ്കമാർ തൻ

വഴികളിലിട്ടു വലയ്ക്കൊലാ മഹേശാ (69)

തലമുടികോതി മിടഞ്ഞുതക്കയിട്ട-

ക്കൊലമദയാന കുലുങ്ങി വന്നു കൊമ്പും

തലയുമുയർത്തി വിയത്തിൽ നോക്കിനില്ക്കും

മുലകളുമെന്നെ വലയ്ക്കൊലാ മഹേശാ (70)

ശിവശതകത്തിലെ ഇത്തരം ശ്ലോകങ്ങൾ, ലൈംഗികവാസനകളെ കുടഞ്ഞെറിഞ്ഞു കൊണ്ടുള്ള ഒരു വൈരാഗിയുടെ നിശിതാഭ്യസനത്തിന്റെ തെളിവുകളാണ്. അപാരതകളെ അനുഭവവേദ്യമാക്കുന്ന വാങ്മയലീലയാണ് ഗുരുവിന്റെ കവിയെന്നു തോന്നും ചിജ്ജഡചിന്തനം പോലുള്ള രചനകൾ വായിക്കുമ്പോൾ.

'ഒരു കോടി ദിവാകരരൊത്തുയരും

പടിപാരൊടുനീരനലാദികളും

കെടുമാറുകിളർന്നു വരുന്നൊരുനിൻ

വടിവെന്നുമിരുന്നു വിളങ്ങിടണം'

എന്ന മട്ടിൽ പദയോജനയും ബിംബകല്പനകളും പ്രപഞ്ചാതീതമായ ഒരു ഭാവതലത്തിലേക്കു നയിക്കാൻ പര്യാപ്തമാണ്. കേവലം ആത്മീയ സാഹിത്യം മാത്രമായി പരിഗണിക്കേണ്ടവയല്ല ഗുരുവിന്റെ കവിതകൾ. ഭാവനയുടെയും ഭാഷയുടെയും ദർശനത്തിന്റെയും ഉദാത്തത തന്നെയാണവ. ഭാഷയും ശൈലിയും താളവുമെല്ലാം ഒന്നായിച്ചേർന്ന് ഒരൊറ്റ പ്രവാഹമാകുന്ന അപൂർവാനുഭവം ഗുരുവിന്റെ കവിതയിലെ നിത്യവിസ്മയമാണ്. ജനനീനവരത്നമഞ്ജരിയിലെ ഒരു ശ്ലോകം നോക്കുക.

'മീനായതും ഭവതി മാനായതും ജനനി നീ നാഗവും നഗഖഗം

താനായതും ധരനദീനാരിയും നരനുമാ നാകവും നരകവും

നീ നാമരൂപമതിൽ നാനാവിധ പ്രകൃതി മാനായിനിന്നറിയുമീ

ഞാനായതും ഭവതി ഹേ നാദരൂപിണി യഹോ നാടകം നിഖിലവും'

സംസ്കൃതരീതിയിലുള്ള വൃത്തം, അലങ്കാരം, ഗുണം എന്നിവ അനുവർത്തിക്കുമ്പോഴും ദ്രാവിഡതാളവും നാടോടിരചനാശൈലിയും ഗുരുവിന് അന്യമായിരുന്നില്ല. കുണ്ഡലിനിപ്പാട്ട് ഇതിനു തെളിവാണ്. പില്ക്കാല മലയാളകവിതയിൽ വികാസം പ്രാപിച്ച ദ്രാവിഡസൗന്ദര്യശാസ്ത്രത്തിന് ഊർജ്ജകേന്ദ്രമായത് ഈ പാട്ടാണ്. തമിഴകത്തെ അവധൂതകാലത്താകണം ഇതെഴുതിയതെന്നു കരുതുന്നു.

'ആടുപാമ്പേ പുനം തേടു പാമ്പേ

അരുളാനന്ദക്കുത്തു കണ്ടാടുപാമ്പേ

തിങ്കളും കൊന്നയും ചൂടുമീശൻ പദ-

പങ്കജം ചേർന്നു നിന്നാടുപാമ്പേ

എന്നുതുടങ്ങി

ചേർന്നുനിൽക്കും പൊരുളെല്ലാം ചെന്താരോടു

നേർന്നു പോമ്മാറു നിന്നാടുപാമ്പേ'

എന്നവസാനിക്കുന്ന 22 ഈരടികളടങ്ങിയ കുണ്ഡലിനിപ്പാട്ട് യോഗാത്മകാനുഭൂതികളുടെ ആവിഷ്കാരമാണ്. തർക്കചിന്തയുടെ എല്ലാ സന്ദിഗ്ധതകളെയും പച്ചമലയാളത്തിൽ ആവാഹിക്കാമെന്നു തെളിയിച്ച ആഴമേറിയ കവിതയാണ് അറിവ്.

'അറിയപ്പെടുമിതുവേറ/ല്ലറിവായിടും

തിരഞ്ഞിടുംനേരം/അറിവിതിലൊന്നായതുകൊ/

ണ്ടറിവല്ലാതെങ്ങുമില്ല വേറൊന്നും'. എന്നിങ്ങനെ അറിവിന്റെ നിറവും അളവും എല്ലാ സംവർഗ്ഗങ്ങളും ഇഴവിടർത്തി പരിശോധിക്കുന്ന ഗഹനമായ കവിതയാണിത്. ഏത്

ഗഹനചിന്തകളെയും ഉൾവഹിക്കാൻ പച്ചമലയാളത്തിനു കഴിയുമെന്നു തെളിയിച്ച മലയാളത്തിലെ എക്കാലത്തെയും മികച്ച പരീക്ഷണരചനയാണ് അറിവ്.

ആത്മോപദേശശതകം, ദർശനമാല, ദൈവദശകം തുടങ്ങിയ ഗുരുവിന്റെ ശ്രേഷ്ഠരചനകളുടെ ഘട്ടത്തെ 'ആത്മസാക്ഷാത്ക്കാരത്തിന്റെ തിര' എന്ന് സുകുമാർ അഴീക്കോട് വിശേഷിപ്പിക്കുന്നു. (ശ്രീനാരായണഗുരു. പു.132) ആത്മോപദേശശതകം മലയാളത്തിന്റെ ഭഗവത്ഗീതയാണെന്നും അഴീക്കോട് വിലയിരുത്തുന്നു. പേരു സൂചിപ്പിക്കുന്നതുപോലെ ഈ കൃതി ആത്മാവിനെ സംബന്ധിക്കുന്ന നൂറ് ഉപദേശങ്ങളാണ് പ്രപഞ്ചം എന്നാൽ എന്ത്? ബോധം എന്നാൽ എന്ത്? ജീവൻ എന്നാൽ എന്ത്? തുടങ്ങി വേദാന്തവും ശാസ്ത്രവും നാനാവിധതത്ത്വചിന്തകളും അന്വേഷിക്കുന്ന ഉത്തരമില്ലാ ചോദ്യങ്ങളുടെ രഹസ്യം ആധുനിക ചിന്താശൈലിയിൽ പുനർവിചിന്തനം ചെയ്തവതരിപ്പിക്കുകയാണിതിൽ.

പ്രിയമപരന്റെയതെൻ പ്രിയം, സ്വകീയ-

പ്രിയപരപ്രിയമിപ്രകാരമാകും

നയ, മതിനാലെ നരന്നു നഃ നൽകും

ക്രിയയപരപ്രിയഹേതുവായ് വരേണം

'ഞാനും നീയും പരമാർത്ഥത്തിൽ ഒന്നാകയാൽ എന്റെയും നിന്റെയും പ്രിയം ഒന്നായിരിക്കും അപ്രിയവും അതുപോലെതന്നെ. അതുകൊണ്ട് ഞാൻ നിനക്ക് അപ്രിയം ചെയ്താൽ അതെന്നിൽ തന്നെ തിരിച്ചെത്തും അതുപോലെ പ്രിയവും' എന്ന് ഗുരു പറയുന്നതു നോക്കുക, ലോകത്തിന്റെ സമസ്തപ്രശ്നങ്ങൾക്കുമുള്ള വിവേകപൂർണ്ണമായ പരിഹാരങ്ങൾ ഉള്ളടങ്ങുന്നതാണ് ആത്മോപദേശശതകം. ഇതിന്റെ ഉൾപ്പൊരുൾ തിരിച്ചറിഞ്ഞാൽ ഈ തീപിടിച്ച കാലത്തിന്റെ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടും. എപ്പോഴും സമകാലികമായിരിക്കുന്ന ആത്മീയ ഉദ്ബോധനങ്ങളാണ് ആത്മോപദേശ ശതകം.

## മതാതീത ആത്മീയത

കാവ്യകലയുടെ ഉദാത്തതയിലേക്കുള്ള സഞ്ചാരമാണ് ദൈവദശകം എന്ന ലഘുകൃതി. മതാതീതമായ ആത്മീയതയുടെ ഭാവപ്രസരണം സാധ്യമാക്കുന്ന രചനയാണിത്. അനുകമ്പയുടെ മഹാസാഗരമായ ഗുരുവിനെ ഈ കവിതയിൽ നാം തിരിച്ചറിയുന്നു. ഗുരുദർശനത്തിന്റെ സാരമന്ത്രമായും ഈ രചനയെ കരുതാം. ആലുവ അദ്വൈതാശ്രമത്തിലെ അന്തേവാസികൾക്ക് പ്രാർത്ഥനയ്ക്കായി ഗുരു ചൊല്ലിക്കൊടുത്ത ഈ കൃതിയുടെ രചനാകാലം 1914 ആണ്. മാനവരാശിയ്ക്ക് ആകമാനം പ്രാർത്ഥനയ്ക്കായി സ്വീകരിക്കാവുന്ന കൃതിയാണിത്. അറിവിനെ ദൈവമായി സംബോധന ചെയ്യുന്നു.

ദൈവമേ കാത്തുകൊൾകങ്ങു

കൈവിടാതിങ്ങു ഞങ്ങളെ

എന്നിങ്ങനെ പ്രപഞ്ചം മുഴുവൻ നിറഞ്ഞുനിൽക്കുന്ന ദൈവത്തിന്റെ പരമോന്നതാവസ്ഥയെ സ്തുതിക്കുകയാണ് ഗുരു.

ആഴമേറും നിൻമഹസ്സാ-

മാഴിയിൽ ഞങ്ങളാകവെ

ആഴണം വാഴണം നിത്യം

വാഴണം വാഴണം സുഖം

എന്നവസാനിക്കുന്ന കൃതി സർവ്വമതപ്രാർത്ഥനയത്രേ. ഇതിലെ സാർവ്വജനീനത ഗുരു നിത്യചൈതന്യയതി പരിചയപ്പെടുത്തിയിട്ടുണ്ട്. ദൈവദശകം വായിച്ചു കേട്ടുകൊണ്ടാണ് ഗുരു സമാധിയിലേക്കു പോയതും എന്ന ജീവചരിത്രകാര ാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഗുരുവിലെ ദൈവചിന്തകൾ പോലും മനുഷ്യനിലെ അഹംഭാവത്തെ നിർവീര്യമാക്കാനുള്ള ആയുധമായിരുന്നു. ദൈവചിന്ത പ്രാണവായുപോലെ നിറഞ്ഞു നിന്ന സമൂഹത്തിൽ

മനുഷ്യനെ മാനവികതയിലേക്കുയർത്താൻ ഗുരു ആ ചിന്തതന്നെ വിന്യസിക്കുകയായിരുന്നു എന്ന് ദൈവദശകം പോലുള്ള കൃതികൾ തെളിയിക്കുന്നു.

ശ്രീനാരായണഗുരുവിന്റെ കവിതകളുടെ ഏകദേശ സ്വഭാവമാണിവിടെ ചർച്ചചെയ്തത്. സാമൂഹികരാഷ്ട്രീയഘടനയെയും ലോകബോധത്തെയും അപനിർമ്മിക്കാൻ ശ്രമിച്ച ഗുരുവിന്റെ മനോലോകത്തിന്റെ ചിന്താസ്ഫുരണങ്ങൾ അദ്ദേഹത്തിന്റെ കവിതകളിൽ നിന്നു വായിച്ചെടുക്കാം. വാക്കിന്റെ സൂക്ഷ്മശക്തി തിരിച്ചറിഞ്ഞ കവിയാണ് ശ്രീനാരായണഗുരു. ചിന്തിപ്പിക്കുന്ന, പ്രകോപിപ്പിക്കുന്ന അവബോധത്തിലേക്കുണർത്തുന്ന ഭാഷയുടെ ശില്പതന്ത്രം ശ്രീനാരായണഗുരുവിനോളം അറിഞ്ഞവർ ചുരുക്കമത്രേ. ചുവരെഴുത്തുകൾ മുതൽ ദാർശനികരചനകൾ വരെ വ്യാപിച്ചു കിടക്കുന്ന ഗുരുവിന്റെ വാങ്മയങ്ങൾ ഒരു ജനതയുടെ ഭൗതികജീവിതത്തിലും ആത്മീയജീവിതത്തിലും ഇടപെട്ടതിന്റെ ചരിത്രംകൂടിയാണ് ശ്രീനാരായണഗുരുവിന്റെ കവിതകളുടെ ചരിത്രം നമുക്കുപകർന്നു തരുന്നത്. ഗുരുവിന്റെ കർമ്മങ്ങൾ പോലെ തന്നെ ഗുരുവിന്റെ കവിതകളും കേരളനവോത്ഥാനത്തിന്റെ ഇന്ധനമായിത്തീർന്നവയാണ്. ഇതിനു തെളിവാണ് അരുവിപ്പുറത്തെ ക്ഷേത്രച്ചുവരിൽ ഗുരു സ്വന്തം കൈകൊണ്ട് എഴുതിവെച്ച നാലുവരികൾ.

ജാതിഭേദം മതദ്വേഷം


ഏതുമില്ലാതെ സർവരും

സോദരത്വേന വാഴുന്ന

മാതൃകാസ്ഥാനമാണിത്

എന്ന ക്ഷേത്രനിർവചനം കേരളനിർമ്മിതിയിലേക്കു നയിച്ച സൂത്രവാക്യങ്ങളായിരുന്നു. മലയാളത്തിലെ ആദ്യത്തെ രാഷ്ട്രീയ കവിതയാണ് ഗുരു ചുവരിലെഴുതിയ ഈ വരികളെന്ന് ഉത്തരാധുനിക കവി പി.എൻ.ഗോപീകൃഷ്ണൻ പറയുന്നു. മലയാളകാവ്യചരിത്രത്തിലും ഗുരുവിന്റെ കവിതകൾ വേറിട്ടു നിൽക്കുന്നു.

ആത്മീയാനുഭൂതിയെ പരമ്പരാഗതസന്ന്യാസമാർഗ്ഗത്തിൽ നിന്ന് വിഭിന്നമായി വിനിമയം ചെയ്ത സാമൂഹ്യപരിഷ്കർത്താവായിരുന്നു ശ്രീനാരായണഗുരു. ആത്മജ്ഞാനത്തെ ഒരു ജനതയുടെ വിമോചനത്തിനുള്ള ആയുധമാക്കുകയായിരുന്നു ഗുരു തന്റെ കവിതകളിലൂടെ. ഗുരുവിന്റെ കവിതകൾ ഇരുപതാംനൂറ്റാണ്ടുകണ്ട മഹാനായ കവി, കുമാരനാശാന്റെ കാവ്യശില്പങ്ങൾക്കും, പില്ക്കാല മലയാളകവിതയ്ക്കും ഒരു ഊർജ്ജഭവനം തന്നെയായിത്തീർന്നിട്ടുണ്ട്.



## Conclusion

ശ്രീനാരായണഗുരുവിനെക്കുറിച്ച് മഹാകവി കുമാരനാശാൻ എഴുതിയ 'ഗുരു' എന്ന കവിതയിൽ പറഞ്ഞിട്ടുള്ളതുപോലെ 'അന്യർക്കു ഗുണം ചെയ്വതിനായുസ്സുവപുസ്സും ആത്മശക്തിയും ബലിചെയ്ത വിപ്ലവകാരിയായ സന്ന്യാസിയും സാമൂഹ്യ പരിഷ്കർത്താവുമായിരുന്ന ശ്രീനാരായണഗുരു. ഋഷി, കവി, സാമൂഹിക പരിഷ്കർത്താവ് എന്നീ നിലകളിൽ ഗുരു ആവിഷ്കരിച്ച ചിന്തകളും കർമ്മപദ്ധതികളുമാണ് കേരളനവോത്ഥാനത്തിൽ അടിത്തറയിട്ടതെന്നു പറയാം. മനുഷ്യനെ ഭൗതികമായും

ആത്മീയമായും സമുദ്ധരിക്കുന്നതിൽ ഭാഷയുടെ ശക്തിയെ ശരിക്കും തിരിച്ചറിഞ്ഞ കവി കൂടിയായിരുന്നു ശ്രീനാരായണഗുരു. ഭാഷയുടെയും ഭാവനയുടെയും കാന്തികപ്രസരമുള്ളവയാണ് ശ്രീനാരായണഗുരുവിന്റെ കവിതകൾ. അവയിൽ പ്രതിഫലിക്കുന്ന മാനവികബോധവും ആത്മീയദർശനങ്ങളും അചുംബിതമായ കല്പനകളും മലയാളകവിത അതിനുമുമ്പോ പിമ്പോ ദർശിച്ചിട്ടില്ല. മലയാളം, സംസ്കൃതം, തമിഴ് എന്നീ മൂന്നു ഭാഷകളിൽ അനായാസം കാവ്യാരചന നടത്താൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. ഗുരു തുറന്നു തന്ന ഭാവനയുടെയും ഭാഷയുടെ മാനവികതയുടെയും മഹാകാശങ്ങൾ കണ്ട് വിസ്മയം കൊണ്ടതിൽ നിന്നാണ് മലയാളകവിത ആധുനികതയിലേക്ക് വളർന്നതെന്നു പറയാം മതാതീത ആത്മീയതയുടെ ദിവ്യചൈതന്യം ആ കവിതകൾക്ക് സവിശേഷ ശക്തിപകരുന്നു. കവി എന്ന നിലയിലുള്ള ശ്രീനാരായണഗുരുവിന്റെ സർഗ്ഗസിദ്ധികൾ മലയാളസാഹിത്യം വേണ്ട രീതിയിൽ ഉൾക്കൊണ്ടിട്ടില്ല എന്നു വേണം പറയാൻ. സ്തോത്രങ്ങൾ, ദർശനികരചനകൾ, കീർത്തനങ്ങൾ, ഉദ്ബോധനങ്ങൾ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഗുരുവിന്റെ കവിതകൾ എല്ലാം തന്നെ ഭാഷയുടെയും ദർശനത്തിന്റെയും അപാരതകളിലേക്ക് നമ്മെ നയിക്കുന്നു. ശ്രീനാരായണഗുരു, ഇരുപതാം നൂറ്റാണ്ടുകണ്ട മഹാദാർശനികനും സാമൂഹിക പരിഷകർത്താവുമായിരുന്നു. ആ വ്യക്തിത്വത്തിന്റെ മഹനീയ സംഭാവനകളിൽപ്പെടുന്നു അദ്ദേഹം എഴുതിയ കവിതകൾ. അവയുടെ അവധാനതയോടെയുള്ള പഠനം, കാവ്യാഭാഷയുടെ സാധ്യതകളെക്കുറിച്ച് നവമായ അവബോധം നമുക്കു പകർന്നുതരുക തന്നെ ചെയ്യും.

## References


Appan, K.P., (2001) The Guru, who deepened History, DC Books, Kottayam.

Ayyappapanieker, K., (2004) Kavidarshanam, State Institute of Languages, Thiruvanathapuram.

Balakrishnan, P.K., (2006) SreeNarayana Guru (Authology), DC Books, Kottayam.

Bhaskaran, T., (2001) Maharshi Sree Narayana Guru, State Institute of Languages, Thiruvanathapuram.

Muni Narayana Prasad (Editor), (2005) The Complete works of Sree Narayana Guru, National Book Trust New Delhi.



## Funding

No funding was received for conducting this study.

## Conflict of interest

The Author has no conflicts of interest to declare that they are relevant to the content of this article.



## About the License

© The author 2021. The text of this article is open access and licensed under a Creative Commons Attribution 4.0 International License



## Cite this Article

R. Chandrabose, Inner Spirit of Sree Narayana Guru’s Poetry, Indian Journal of Multilingual Research and Development, Vol 2, Iss 1 (2021) 10-18. DOI: https://doi.org/10.34256/ijmrd2112